# കേരള കാർഷിക സർവ്വകലാശാല

## കാർഷിക കാലാവസ്ഥാ ശാസ്ത്രപഠന വിഭാഗം,
## ഹോർട്ടികൾച്ചർ കോളേജ്,വെള്ളാനിക്കര

## കാർഷിക നിർദ്ദേശക ബുള്ളറ്റിൻ

## എറണാകുളം

**E mail: kauagmet@yahoo.co.in, cohagmet@kau.in**

കേരള കാർഷിക സർവ്വകലാശാല കാർഷിക കാലാവസ്ഥാ ശാസ്ത്ര പഠന വിഭാഗത്തിന്റെയും, ഇന്ത്യൻ കാലാവസ്ഥാ വിഭാഗത്തിന്റെയും, കേരള കൃഷിവകുപ്പിന്റെയും സഹകരണത്തോടെ തയ്യാറാക്കുന്നത്.

**എ.എ.എസ് 16/18(31), ചൊവ്വാഴ്ച** **തീയ്യതി 17.04.2018**

**അടുത്ത 5 ദിവസത്തേക്കുള്ള കാലാവസ്ഥാ പ്രവചനം:**

| കാലാവസ്ഥാ ഘടകങ്ങൾ | 18.04.2018 | 19.04.2018 | 20.04.2018 | 21.04.2018 | 22.04.2018 |
|---|---|---|---|---|---|
| മഴ (മില്ലി.മീറ്റർ) | 10 | 10 | 10 | 7 | 15 |
| ഉയർന്ന താപനില (°C ) | 34 | 34 | 34 | 34 | 34 |
| കുറഞ്ഞ താപനില (°C ) | 25 | 25 | 25 | 25 | 25 |
| മേഘവ്യാപ്തി (ഒക്ട) | 6 | 6 | 6 | 7 | 7 |
| കൂടിയ അന്തരീക്ഷ ആർദ്രത (%) | 85 | 85 | 85 | 85 | 85 |
| കുറഞ്ഞ അന്തരീക്ഷ ആർദ്രത (%) | 65 | 65 | 65 | 65 | 65 |
| കാറ്റിന്റെവേഗത (കിലോമീറ്റർ/മണിക്കൂർ) | 008 | 008 | 008 | 008 | 008 |
| കാറ്റിന്റെ ദിശ ( ഡിഗ്രി) | 250 | 250 | 250 | 250 | 250 |

**കാർഷിക നിർദ്ദേശങ്ങൾ:**

| വിളകൾ | വളർച്ചാഘട്ടം/ രോഗ കീടങ്ങൾ | കാർഷിക നിർദ്ദേശങ്ങൾ |
|---|---|---|
| നെല്ല് | പാലുറയ്ക്കുന്ന പരുവം/ ചാഴി | വേപ്പെണ്ണ അടങ്ങിയ കീടനാശിനികൾ 3 മി.ല്ലി ഒരു ലിറ്റർ വെള്ളത്തിൽ എന്ന തോതിൽ ഉപയോഗിക്കുക. (ചാഴിക്കെതിരെ കീടനാശിനികൾ പ്രയോഗിക്കുന്നത് രാവിലെ 9 മണിക്ക് മുമ്പോ, വൈകീട്ട് 3 മണിക്കു ശേഷമോ ആയിരിക്കണം അല്ലെങ്കിൽ മരുന്നുതളി പരാഗണത്തെ പ്രതികൂലമായി ബാധിക്കും.) |
| തെങ്ങ് | - | ഈർപ്പം നിലനിർത്തുന്നതിനായി പച്ചയോ, ഉണങ്ങിയതോ ആയ ചകിരി തടങ്ങളിൽ ഇട്ട് മൂടുന്നത് നല്ലതാണ്. തെങ്ങിന്റെ ചുവട്ടിൽ നിന്ന് മൂന്ന് മീറ്റർ അകലത്തിൽ വരികൾക്കിടയിൽ ചാലുകീറിയോ, ഓരോ തെങ്ങിന്റെ കടയ്ക്ക് ചുറ്റും തടിയിൽ നിന്നും 2 മീറ്റർ അകലത്തിൽ വട്ടത്തിൽ ചാലുകളെടുത്തോ, അതിൽ ചകിരി നിരത്തിയ ശേഷം മണ്ണിട്ടു മൂടാം. ചകിരിയുടെ കുഴിഞ്ഞ ഉൾഭാഗം മുകളിലേയ്ക്ക് വരത്തക്ക വിധത്തിലാണ് ചകിരി ചാലുകളിൽ അടുക്കേണ്ടത്. ഇതിനു മുകളിൽ മണ്ണിട്ടു മൂടണം. ചകിരി അടുക്കുന്നതുകൊണ്ടുള്ള ഗുണം 5-7 വർഷക്കാലം നിലനിൽക്കും. ചകിരിക്കുപകരം ചകിരിച്ചോറ് തെങ്ങൊന്നിന് 25 കി.ഗ്രാം എന്ന തോതിൽ ഓരോ വർഷവും തടത്തിൽ ഇട്ടു മൂടുന്നതും ഈർപ്പം സംരക്ഷിക്കാൻ ഉതകും. |
| വാഴ | - | നന തുടരാം. തടത്തിൽ വൈക്കോൽ നിരത്തിയാൽ നന ഇടവേള കൂട്ടാം. ചുവട്ടിൽ മുളയ്ക്കുന്ന കന്നുകൾ നശിപ്പിക്കുക. |
| പച്ചക്കറികൾ (ചീര) | ഇലപ്പുള്ളിരോഗം | ഇലപ്പുള്ളിരോഗം നിയന്ത്രിക്കുന്നതിനായി വിളവെടുത്തതിനു ശേഷം ഇലയുടെ അടിഭാഗത്തും മുകൾഭാഗത്തും ഒരു പോലെ പതിയ്ക്കത്തക്ക രീതിയിൽ 15 ഗ്രാം സ്യൂഡോമോണാസ് ഒരു ലിറ്റർ തെളിഞ്ഞ ചാണകവെള്ളത്തിൽ ചേർത്ത് തളിക്കണം. കൂടാതെ ട്രൈക്കോഡെർമ ചാണകവുമായി കലർത്തി മണ്ണിൽ ഇട്ടു കൊടുക്കുക. രോഗബാധിത ഭാഗങ്ങൾ പിഴുത് കളയുക. |
| മൃഗസംരക്ഷണം | ഈച്ച, കൊതുക്, ചെള്ള് മുതലായ ബാഹ്യപരാദങ്ങളെ അകറ്റുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിക്കുക. (CAADECCS, KVASU, Mannuthy) | |